# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 15.03.2025**

### പ്രധാനവാർത്തകൾ

1. കാൻസർ കോശങ്ങളിൽ മാത്രം കൃത്യമായ റേഡിയേഷൻ നൽകുന്ന അത്യാധുനിക റേഡിയേഷൻ ചികിത്സ തിരുവനന്തപുരം ആർ സി സി യിൽ ആരംഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

2. സംസ്ഥാന സർക്കാരിൻറെ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള പരമാവധി പേർക്ക് തൊഴിൽ നൽകുകയാണ് ലക്ഷ്യമെന്ന് മന്ത്രി സജി ചെറിയാൻ.

3. സംസ്ഥാനതല ട്രാൻസ്ജെൻഡർ ഫെസ്റ്റ് - വർണ്ണപ്പകിട്ടിന് നാളെ തിരുവനന്തപുരത്ത് തുടക്കം.

4. വിദേശതൊഴിൽ തട്ടിപ്പുകൾക്കെതിരെയുള്ള പരാതികൾ സമർപ്പിക്കുന്നതിന് ശുഭയാത്ര പദ്ധതിയുമായി നോർക്ക റൂട്ട്സ്.

5. പകൽ താപനില ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മഞ്ഞ ജാഗ്രത.

**************************************

## വീണാ ജോർജ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ അത്യാധുനിക റേഡിയേഷൻ തെറാപ്പി ആരംഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. റേഡിയേഷൻ ചികിത്സയിൽ ഉപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യയാണ് എസ്.ജി.ആർ.ടി. കാൻസർ കോശങ്ങളിൽ മാത്രം കൃത്യമായ റേഡിയേഷൻ നൽകാനും പാർശ്വഫലങ്ങൾ കുറയ്ക്കാനും ഇതിലൂടെ സാധിക്കുന്നു. സർക്കാർ മേഖലയിൽ ആദ്യമായാണ് ഇത്തരമൊരു റേഡിയേഷൻ തെറാപ്പി ചികിത്സാ സംവിധാനം സജ്ജമാക്കിയതെന്നും മന്ത്രി അറിയിച്ചു.

*************************************

## നൈപുണ്യ പരിശീലനം -സജി ചെറിയാൻ

PNUTVPM

സംസ്ഥാന സർക്കാരിൻറെ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള പരമാവധി പേർക്ക് തൊഴിൽ നൽകുകയാണ് ലക്ഷ്യമെന്ന് മന്ത്രി സജി ചെറിയാൻ. ഫിഷറീസ് വകുപ്പിന്റെ തൊഴിൽ തീരം നൈപുണ്യ പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. തൊഴിൽ തീരം പദ്ധതി പോലെ തീരദേശത്തെ മാത്രം ലക്ഷ്യം വെച്ചുള്ള പദ്ധതി നടപ്പാക്കുന്നത് ലോകത്ത് തന്നെ ആദ്യമായിട്ടായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

*************************************

## സമഗ്ര വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതി - വി.എൻ. വാസവൻ

വിദ്യാർഥികൾക്കിടയിൽ വായന ലഹരിയാക്കി മാറ്റാൻ കഴിയണമെന്ന് മന്ത്രി വി.എൻ. വാസവൻ. അക്കാദമിക

മികവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ആരംഭിച്ച സമഗ്ര വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതിയുടെ കോട്ടയം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മികച്ച മാതൃകകൾ സൃഷ്ടിക്കാൻ സ്കൂൾ, കുടുംബ അന്തരീക്ഷങ്ങൾക്ക് സാധിക്കണമെന്നും മന്ത്രി പറഞ്ഞു.

************************************

## കളമശ്ശേരി-അറസ്റ്റ്

കളമശ്ശേരി പോളിടെക്നിക് കോളേജ് ഹോസ്റ്റലിൽ നിന്ന് കഞ്ചാവ് ശേഖരം പിടികൂടിയ സംഭവത്തിൽ രണ്ടു പേരുടെ അറസ്റ്റ് കൂടി രേഖപ്പെടുത്തി. പൂർവ വിദ്യാർത്ഥികളായ ആഷിഖ്, ഷാലിൻ എന്നിവരാണ് പിടിയിലായത്. അതെസമയം, അറസ്റ്റിലായവർ പങ്കെടുത്ത കെ.എസ്.യു മെമ്പർഷിപ്പ് ഉദ്ഘാടന പരിപാടിയുടെ ചിത്രങ്ങൾ എസ.എഫ്.ഐ നേതാക്കൾ പുറത്തുവിട്ടു.

RNUTVPM

************************************

## വി ഡി സതീശൻ

പ്രതിപക്ഷത്തിൻറെയും മാധ്യമങ്ങളുടെയും സമ്മർദ്ദ ഫലമായാണ് ലഹരി വ്യാപനത്തിനെതിരെ സംസ്ഥാന സർക്കാർ നടപടിയെടുക്കാൻ തുടങ്ങിയത് എന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. മുതിർന്ന പാർട്ടി നേതൃത്വം ഇടപെട്ട് യുവജന സംഘടനകളെ ലഹരിയുടെ വിപത്തിൽ നിന്ന് പിന്തിരിപ്പിക്കണമെന്ന് അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

************************************

## വയനാട് മുത്തങ്ങ-എം. ഡി. എം. എ

വയനാട് മുത്തങ്ങയിൽ എം. ഡി. എം. എ പിടികൂടിയ സംഭവത്തിൽ നൈജീരിയൻ സ്വദേശിയടക്കം രണ്ട് പേർ കൂടി അറസ്റ്റിൽ. ഇതോടെ സംഭവത്തിൽ അറസ്റ്റിൽ ആകുന്നവരുടെ എണ്ണം നാലായി. കഴിഞ്ഞ മാസം മലപ്പുറം സ്വദേശി ഷഫീഖിൽ നിന്ന് ലഭിച്ച വിവരത്തിൻറെ അടിസ്ഥാനത്തിലാണ് മറ്റുള്ളവരെ പിടികൂടിയത്.

**************************************

## ശുഭയാത്ര - ഇൻട്രോ

വിദേശതൊഴിൽ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് നോർക്ക റൂട്ട്സ്. ഇത്തരം തട്ടിപ്പുകൾക്കെതിരെ ഇനി നോർക്കയുടെ ശുഭയാത്രയിൽ പരാതിപ്പെടാം.

വിശദാംശങ്ങളിലേക്ക്....

(വോയ്സ്)

*വിദേശത്തേയ്ക്കുള്ള അനധികൃത റിക്രൂട്ട്മെന്റ്, വിസാ തട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവക്കെതിരെ നടപടികളെടുക്കുന്നതിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്ക റൂട്ട്സ്, എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഓപ്പറേഷൻ ശുഭയാത്ര. ഇത്തരം പരാതികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്ന വിദേശകാര്യ മന്ത്രാലയത്തിനു കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് (POE) ഓഫീസുകളിൽ അറിയിക്കാവുന്നതാണ്. emigrate.gov.in ഇ-മൈഗ്രേറ്റ് പോർട്ടലിലൂടെയോ spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ ഇ മെയിലുകൾ വഴിയോ ഹെൽപ്പ്ലൈൻ നമ്പറായ 0471-*

RNU TVPM

*2721547 ൽ ബന്ധപ്പെട്ടോ ഓപ്പറേഷൻ ശുഭയാത്രയിൽ അറിയിക്കാം.*

*ന്യൂസ് ഡെസ്ക്, ആകാശവാണി...*

*************************************

**കോഴിക്കോട് - എ കെ ശശീന്ദ്രൻ**

കോഴിക്കോട് ചെട്ടികുളം ഹെൽത്ത് ആന്റ് വെൽനസ് സെൻററിൻറെ ഉദ്ഘാടനം മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിച്ചു. കോഴിക്കോട് കോർപറേഷന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന ആരോഗ്യനയം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായാണ് ചെട്ടികുളത്ത് അർബൻ ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിച്ചത്.

RNU TVPM

*************************************

**ബഡ്സ് സ്കൂൾ-കണ്ണൂർ - ഇൻട്രോ**

കണ്ണൂർ ജില്ലയിലെ ബഡ്സ് സ്കൂളുകൾക്ക് ജില്ലാ പഞ്ചായത്ത് നൽകുന്ന സംഗീതോപകരണങ്ങളുടെ വിതരണം വിദ്യാർഥികളുടെ കലാമികവിനാൽ ശ്രദ്ധേയമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

*************************************

**പാസിംഗ് ഔട്ട് പരേഡ്**

കേരള പൊലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ

പാസിംഗ് ഔട്ട് പരേഡ് നാളെ നടക്കും. തൃശൂർ കേരള പൊലീസ് അക്കാഡമി പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കും.

*************************************

## വർണ്ണപ്പകിട്ട്

ഈ വർഷത്തെ സംസ്ഥാനതല ട്രാൻസ്ജെൻഡർ ഫെസ്റ്റ് വർണ്ണപ്പകിട്ടിന് നാളെ തുടക്കമാകും. ഫെസ്റ്റിൻറെ ഔപചാരിക ഉദ്ഘാടനം നാളെ മന്ത്രി ആർ ബിന്ദു നിർവ്വഹിക്കും. നാളെയും മറ്റന്നാളുമായി തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ഫെസ്റ്റിൽ വിവിധ ജില്ലകളിൽ നിന്നുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരിപാടികൾ അരങ്ങേറും.

RNJU TVPM

*************************************

## ചൂട് - കേരളം

സംസ്ഥാനത്ത് ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യത. അതെസമയം, ചിലയിടങ്ങളിൽ നാളെയും മറ്റന്നാളും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

*************************************

## ഭക്ഷ്യ ടൂറിസം - പി.എ മുഹമ്മദ് റിയാസ്

കേരളത്തിലെ പ്രാദേശിക രുചി വൈവിധ്യങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഭക്ഷ്യ ടൂറിസത്തിന്

പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ്. ടൂറിസം വകുപ്പിനു കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൻറെ നേതൃത്വത്തിൽ സംഘടിപ്പിച്ച **എസ്പ്പോർ 2025** തൊഴിൽമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

**************************************

## അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവെൽ - ഇൻട്രോ

അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലിന് ഈ മാസം 19-ന് ഇടുക്കി വാഗമണ്ണിൽ തുടക്കമാകും. 75 മത്സരാർത്ഥികളും നാല്പതിലധികം വിദേശ ഗ്ലൈഡറുകളും മാർച്ച് 23 വരെ നടക്കുന്ന ഫെസ്റ്റിവെലിൽ പങ്കെടുക്കും.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

RNUTVPM

**************************************

## എലിവിഷം - മൂന്ന് വയസുകാരി മരിച്ചു

പേസ്റ്റ് രൂപത്തിലുള്ള എലിവിഷം ഉപയോഗിച്ച് പല്ലുതേച്ച മൂന്ന് വയസുകാരി ചികിത്സയിലിരിക്കെ മരിച്ചു. പാലക്കാട് അട്ടപ്പാടി സ്വദേശികളായ ലിതിൻ -ജോമറിയ ദമ്പതികളുടെ മകൾ നേഹ റോസ് ആണ് തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചത്.

**************************************

## കടുവ - വണ്ടിപ്പെരിയാർ - ഇൻട്രോ

ഇടുക്കി ഗ്രാമ്പിയിലെ കടുവയെ മയക്കുവെടി വെയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കടുവയെ പിടികൂടി

തേക്കടിയിലെത്തിച്ച് ചികിത്സ നൽകുമെന്ന് ഡി എഫ് ഒ - എൻ രാജേഷ് അറിയിച്ചു.

(ഹോൾഡ് വോയ്സ്)

************************************

## മെഡിക്കൽ കോളേജ്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പരിശോധനയ്ക്ക് അയച്ച ശരീരഭാഗങ്ങൾ ആക്രിക്കച്ചവടക്കാരൻ കൊണ്ട് പോയ സംഭവത്തിൽ ആശുപത്രി ജീവനക്കാരന് സസ്പെൻഷൻ. ഹൗസ് കീപ്പിങ് വിഭാഗത്തിലെ ജീവനക്കാരനായ അജയ് കുമാറിനെയാണ് സസ്പെൻഡ് ചെയ്തത്. 17 രോഗികളുടെ സ്പെസിമെനുകളാണ് മോഷണം പോയത്.

************************************

## കടയ്ക്കൽ ദേവി ക്ഷേത്രം - വിശദീകരണം

കടയ്ക്കൽ ദേവി ക്ഷേത്രത്തിലെ വിവാദവുമായി ബന്ധപ്പെട്ട വിഷയത്തിൽ ക്ഷേത്ര ഉപദേശക സമിതിയോട് തിരുവിതാംകൂർ ദേവസ്വം ബോർഡ് വിശദീകരണം തേടി. ക്ഷേത്രങ്ങളിലും ക്ഷേത്ര പരിസരങ്ങളിലും രാഷ്ട്രീയ- ജാതി-മത സംഘടനകളുടെ ചിഹ്നങ്ങളോ കൊടികളോ പ്രദർശിപ്പിക്കാൻ പാടില്ല എന്ന ഹൈക്കോടതി ഉത്തരവ് പാലിക്കുവാൻ ജാഗ്രത പുലർത്തണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു.

************************************

PNUTVPM

## പരിസ്ഥിതി സംഗമം - മുഖ്യമന്ത്രി

ലോകജലദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഈ മാസം 24, 25 തീയതികളിൽ തിരുവനന്തപുരത്ത് പരിസ്ഥിതി സംഗമം സംഘടിപ്പിക്കും. ടാഗോർ തിയറ്ററിൽ നടക്കുന്ന പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ജലബജറ്റ്, മാലിന്യമുക്തനവകേരളം ജനകീയ ക്യാമ്പയിൻ തുടങ്ങിയവയാണ് പ്രധാന വിഷയങ്ങൾ.

************************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം.

************************************

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി-കോഴിക്കോട്

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനവും പദ്ധതി വിശദീകരണവും നാളെ ബിഇഎം ഗേൾസ് ഹൈസ്കൂളിൽ നടക്കും. മന്ത്രി പി എ മുഹമ്മദ് റിയാസ് പദ്ധതി പ്രഖ്യാപനം നടത്തും. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് പൊതുവിദ്യാഭ്യാസവകുപ്പ് രൂപം നൽകിയിരിക്കുന്നത്.

************************************

RIJU TVPM

## കേരള പുരസ്കാരം

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ ഗവർണർ രാജേന്ദ്ര അർലേക്കർ തിങ്കളാഴ്ച സമ്മാനിക്കും. രാജ്ഭവനിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനാകും. സമൂഹത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് വിവിധ മേഖലയിലെ വിശിഷ്ട വ്യക്തികൾക്കായി സംസ്ഥാന സർക്കാർ പരുസ്കാരങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

***************************************************************

******************************************

*************************

RNU TVPM